PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Wednesday, the 18th March 1964.

nbly met in the Assembly Chamber, Trivandrum, at lock on Wednesday, the 18th March 1964 with Mr. Chair.

QUESTIONS AND ANSWERS

ber within brackets indicates the number in the list of ions for the day.)

ORAL ANSWERS

പിരിച്ചുവിട്ടതിനുശേഷമുള്ള വീട്ടുകരം തിട്ടപ്പെടുത്തേണ്ടതിനെ സംബന്ധിച്ച് നിർദ്ദേശം

[1] ശ്രീ. സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യ ത്തിനു് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളെ പിരിച്ചുവിട്ടതിനു ശേഷം വീട്ടുകരം തിട്ടപ്പെടുത്തേണ്ടതെങ്ങനെ എന്നു നിർദ്ദേശിച്ചുകൊണ്ടു് ഗവർണ്മെന്റിൽ നിന്നും വല്ല ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഈ നിർദ്ദേശമനുസരിച്ചു വീട്ടുകരം കഴിഞ്ഞകാലത്തുണ്ടായിരുന്നതിനേക്കാൾ നാലും, അഞ്ചും ഇരട്ടി, വർദ്ധിക്കുമെന്നു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വീട്ടുകരവും മറ്റും അമിതമായി വർദ്ധിച്ചിരിക്കുന്നതിനെ തുടർന്നു പഞ്ചായത്തു ചട്ടങ്ങളും ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഉണ്ടു്.

(ബി) പുതുക്കം ചില സ്ഥലങ്ങളിൽ കുറെ വർദ്ധിപ്പിച്ചിട്ടുള്ളതായി

(സി) അതിന്റെ ആവശ്യമില്ല. എന്തെന്നാൽ നാലിൽ കൂടുതൽ വീട്ടുകരം ചുമത്തിയിട്ടുള്ളതു് ആവശ്യമെന്നുകണ്ടാൽ പഞ്ചായത്തുകൾ നാലായിട്ടു കുറയ്ക്കുവാവുന്നതാണു്. അതിലേക്കു് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ബാലകൃഷ്ണൻ : വീട്ടുകരം നിശ്ചയിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഓരോ കെട്ടിടത്തിനും എന്തു കിട്ടാൻ സാദ്ധ്യതയുണ്ടെന്നു നോക്കിയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മുമ്പുണ്ടായിരുന്ന പഞ്ചായത്തുകൾ പുവിട്ട പിന്നീടു് പുതിയ പഞ്ചായത്തുകളും നിലവിൽ വരുന്നതിനിടയുള്ള ഘട്ടത്തിൽ എക്സിക്യൂട്ടീവു് ആഫീസറന്മാർ നികുതി ചുമത്തിയിട്ടുള്ളതു് തുടെ അധികാരത്തിൽ കവിഞ്ഞതാണെന്നു ഹൈക്കോടതിവിധി വല്ലതും യിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധമായ ഗവണ്മെന്റിന്റെ ടെന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഹൈക്കോടതിവിധി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ആർ. സുഗതൻ : പതിനായിരം രൂപയിൽ കൂടുതൽ വീട് പണിതിട്ടുള്ളവർക്ക് നാലരമടങ്ങിലധികം വീട്ടുകരം ചുമത്തി കൊടുത്തിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എക്സിക്യൂട്ടീവു് ആഫീസർമാരുടെ കാലയളവിലാണു് വീട്ടുകരം ചിലയിടത്തു വർദ്ധിപ്പിച്ചിട്ടുണ്ടു്. ങ്ങളം തിരഞ്ഞെടുത്ത പഞ്ചായത്തുകൾക്കുതന്നെ അതു പരിശോധിക്കുമെന്നു തോന്നിയാൽ നാലു ശതമാനമാക്കുന്നതിനു വിരോധമില്ല.

ശ്രീ. പി. രവീന്ദ്രൻ : വീട്ടുകരം നിശ്ചയിക്കുന്നതിനു് പഞ്ചായത്തിന്റെ പുറമെ ഡിപ്പാർട്ടുമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ട്ടുണ്ടോ ? ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നാണു് ഉത്തരം നൽകിയതു്

ശ്രീ. കെ. എ. ദാമോദരമേനോൻ : ആക്ടനുസരിച്ചു് ഇത്തോളം വീട്ടുകരം ആവശ്യമെന്നുകണ്ടാൽ കൂട്ടുന്നതിനു് വിരോധമില്ലെന്നുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ആക്ടിലെ വ്യവസ്ഥ ഭേദഗതി പഞ്ചായത്തിൽ നിന്നും ആവശ്യവും തോതുമനുസരിച്ചു് പിരിക്കുന്നതിനു് ഒരു മിനിമം ചാർജ്ജു് പ്രഖ്യാപിക്കാനും ഗവണ്മെന്റിനു് ദയവുണ്ടാകുമോ.

ശ്രീ. കെ. എ. ദാമോദരമേനോൻ : ആക്ടിൽ ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : പഞ്ചായത്തുകൾക്കു് വീട്ടുകരം കുറയ്ക്കുവാൻ അധികാരം ഉണ്ടെന്നു പറഞ്ഞു. ഞാൻ മനസ്സിലാക്കിയിടത്തോളം പഞ്ചായത്തു റെസല്യൂഷൻ പ്രകാരം നാലു ശതമാനമെന്നോ, അഞ്ചു ശതമാനമെന്നോ തീരുമാനിച്ചാൽ അഞ്ചു കൊല്ലത്തേക്കു റിവൈസു് ചെയ്യാൻ അധികാരമില്ല. മറ്റു പറയുന്നതു് നാലു ശതമാനമായി കുറയ്ക്കാൻ പഞ്ചായത്തിനു് അധികാരമുണ്ടെന്നാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എക്സിക്യൂട്ടീവു് ആഫീസറുടെ അധികാരത്തിലിരുന്ന സമയത്തു് നടത്തിയിട്ടുള്ള തീരുമാനങ്ങളം ചെയ്യുന്നതിനു് ഇലക്ടു ചെയ്ത പഞ്ചായത്തുകൾക്കു് അധികാരമുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : എക്സിക്യൂട്ടീവു് ആഫീസറന്മാരുടെ നികുതി നിശ്ചയിച്ചാൽ, പഞ്ചായത്തിൽ അപ്പീൽ ബോധിപ്പിക്കാൻ ഒരു കാലാവധിയുണ്ടു്. ഈ കാലഘട്ടത്തിലൊന്നും പഞ്ചായത്തുകൾ വന്നിരുന്നതുകൊണ്ടു് ഇന്നു് അപ്പീൽ ബോധിപ്പിക്കാൻ കാലാവധി നീട്ടികൊടുത്തു അധിക നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അതു മടക്കിക്കൊടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. [illegible] മോഹനമേനോൻ : ഞാൻ ഇവിടെ പറഞ്ഞതു് എക്സി കൃട്ടീവു് ആഫീസറന്മാർ പഞ്ചായത്തുകളം നിലവിൽ ഇല്ലാതിരുന്ന കാലത്തു വീട്ടുകരം പുതുതായിട്ടുള്ളതു് ഇപ്പോൾ തിരഞ്ഞെടുപ്പുവഴി പഞ്ചായത്തു് അധികാരത്തിൽ വന്നതുകൊണ്ടു് പുനഃപരിശോധിക്കാൻ അധികാരമുണ്ടെന്നാണു്. അതു സംബന്ധിച്ചു് റൂംസിൽ എന്തെങ്കിലും പ്രതിബന്ധമുണ്ടെങ്കിൽ അതു ഞാൻ പരിശോധിക്കാം.

സ്റ്റേറ്റു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ഡ്രൈവറന്മാരും, കണ്ടക്ടറന്മാരും.

* 758. [2] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ദിവസക്കൂലിക്കാരായി എത്ര ഡ്രൈവറന്മാരും കണ്ടക്ടറന്മാരും ഉണ്ടു് ;

(ബി) മൂന്നും നാലും കൊല്ലം ദിവസക്കൂലിക്കാരായി ജോലിനോക്കുന്ന ഈ ഡ്രൈവറന്മാരെയും കണ്ടക്ടറന്മാരേയും സ്ഥിരപ്പെടുത്താതിരിക്കുന്നതെന്താണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഡ്രൈവറന്മാർ 488 കണ്ടക്ടറന്മാർ 644

(ബി) 1–4–1964 മുതൽക്കു് കുറെ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കല്പനയായിട്ടുണ്ടു്. അതോടെ ഒരു നല്ല വിഭാഗം റിസർവ്വു് കണ്ടക്ടറന്മാരേയും ഡ്രൈവർമാരേയും സ്ഥിരപ്പെടുത്താൻ കഴിയുന്നതാണു്.

ശ്രീ. സി കെ. ബാലകൃഷ്ണൻ : പുതുതായി കുറേപ്പേരെ സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ബാക്കി എത്ര പേർ വരുമെന്നുപറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു് ഇപ്പോൾ പറയാൻ ഒക്കുകയില്ല.

ശ്രീ. സി. എ. മാത്യു : ദിവസക്കൂലിക്കാരായി വളരെയധികം കണ്ടക്ടറന്മാരും ഡ്രൈവറന്മാരും ഉള്ളപ്പോൾ പിന്നെയും പി. എസ്. സി. അപേക്ഷകരെ ക്ഷണിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ?

ശ്രീ. കെ. ടി. അച്യുതൻ : എംപ്ലോയ്മെൻറു് എക്സ്ചേഞ്ചു വഴിയല്ലാതെ നിയമിക്കുന്നതിനു നേരത്തെതന്നെ പി. എസ്. സി. യോടു് ഡിപ്പാർട്ടുമെൻറു് ആവശ്യപ്പെട്ടതാണു്. അവർ നേരത്തെ സെലക്ടുചെയ്ത വന്നതാണു്.

ശ്രീ. എൻ. ഈ. ബലറാം : ഗവണ്മെൻറു് നിയമിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് സ്റ്റാഫിനെ വയ്ക്കാത്തതുകൊണ്ടാണു് ഇങ്ങനെ ദിവസക്കൂലിക്കാരെ വയ്ക്കേണ്ടിവരുന്നതെന്നറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ആദ്യമുണ്ടായിരുന്ന സ്കീമനുസരിച്ചു് സ്റ്റാഫുണ്ടു്. ഇതിനിടയ്ക്കു ചില അഡ്ജസ്റ്റുമെൻറു വരുമ്പോഴാണു് ഇവരുടെ ആവശ്യം വരുന്നതു്. ഇപ്പോൾ കുറെ പുതിയ തസ്തികകളും ഉണ്ടാക്കി രണ്ടും മൂന്നും കൊല്ലം ജോലി നോക്കിയവർക്കു സ്ഥിരത നൽകുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ദിവസക്കൂലിക്കാരായ കണ്ടക്ടറന്മാരേയും ഡ്രൈവറന്മാരേയും സംബന്ധിച്ചിടത്തോളം അവരെ നിയമിച്ച തീയതി മുതലുള്ള സർവ്വീസു് കണക്കാക്കുമോ, അതോ ദിവസക്കൂലി വാങ്ങി പ്രവർത്തിച്ചിട്ടുള്ള ദിവസങ്ങളെ അടിസ്ഥാനമാക്കിയാണോ സർവ്വീസു് കണക്കാക്കുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : സ്ഥിരമായി വരുമ്പോൾ മാത്രമാണു് സർവ്വീസു് കണക്കാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly